# പാപ പരിഹാരങ്ങൾ

തർബിയത്ത് ● ജമാൽ കടന്നപ്പള്ളി

**മനുഷ്യൻ** അറിയാതെയും അറിഞ്ഞും പാപങ്ങൾ ചെയ്തുപോകും എന്നതുകൊണ്ടുതന്നെ പാപ മുക്തിക്കുള്ള നിരവധി സംവിധാനങ്ങൾ ഏർപ്പെടുത്തി അല്ലാഹു നമ്മെ അനുഗ്രഹിച്ചിട്ടുണ്ട്. പാപ പരിഹാരമാർഗങ്ങളിൽ പ്രധാനമായ ചിലതിനെപ്പറ്റി:

## തൗഹീദ്

ഏകദൈവാദർശ(തൗഹീദ്)ത്തോളം പ്രധാനമായി ഇസ്‌ലാമിൽ മറ്റൊന്നില്ല. അതുകൊണ്ടു തന്നെ ഏറ്റവും വലിയ പാപപരിഹാരവും തൗഹീദീ സാക്ഷാത്കാരമത്രെ. തൗഹീദീവാക്യമുരുവിടുന്നതോടെ ഒരാളുടെ മുഴുവൻ പാപങ്ങളും പൊറുക്കപ്പെടും. “ഇസ്‌ലാം അതിനു മുമ്പുള്ളതിനെ മായ്ച്ചു കളയും.” പൊരിഞ്ഞ യുദ്ധം നടക്കുന്നതിനിടയിൽ ശത്രു പക്ഷത്തുള്ളയാൾ ഒരുവേള ജീവൻ രക്ഷിക്കാൻ വേണ്ടിയാണെങ്കിൽ പോലും തൗഹീദീവാക്യം ഉരുവിടുകയാണെങ്കിൽ അത് മുഖവിലക്കെടുക്കണമെന്നാണ് ഇസ്‌ലാമിക തത്ത്വം. ഇവ്വിഷയകമായ ചരിത്രസംഭവം പ്രസിദ്ധമാണ്. യുദ്ധരംഗത്ത് മുന്നിൽപെട്ട ശത്രുവിനെ വെട്ടാൻ ഉസാമത്ബ്നു സൈദ്(റ) ആയുധമുയർത്തി. പക്ഷെ പെട്ടെന്ന് അയാൾ നാടകീയമായി ‘ലാഇലാഹഇല്ലല്ലാഹ്’ എന്നുച്ചരിച്ചു. എന്നാൽ ഉസാമ അത് കാര്യമാക്കിയില്ല. തൗഹീദീവാക്യമുരുവിട്ടത് ശത്രുവിന്റെ ഒരടവായി കണ്ടു അദ്ദേഹം. ഉസാമ അയാളെ വധിച്ചു. വിവരം നബി(സ) അറിഞ്ഞു. പ്രവാചക ചരിത്രത്തിൽ അവിടത്തെ മുഖം കോപം കൊണ്ട് വിറക്കുന്ന ഏതാനും സന്ദർഭങ്ങളേ കാണാൻ പറ്റൂ. അതിൽ ഒന്ന്, ഒരുവേള അതിൽതന്നെ ഏറ്റവും വലുത് അന്ന് പ്രവാചകന്റെ മുഖത്ത് പ്രകടമായി. തിരുമുഖം ചുവന്നു തുടുത്തു. “നാശം! ലാഇലാഹഇല്ലല്ലാഹ് എന്ന് വിളിച്ചുപറഞ്ഞിട്ടും നീ അയാളെ വധിച്ചു കളഞ്ഞോ?” നബിയുടെ ശബ്ദമുയർന്നു. തിരുമേനി(സ) അത് ആവർത്തിച്ചു കൊണ്ടിരുന്നു. ഉസാമ ഭയന്നുവിറച്ചു. ഉസാമ അതെകുറിച്ചു പറഞ്ഞത് “ഞാന തുവരെ ചെയ്ത എല്ലാ പ്രയത്നങ്ങളെ കുറിച്ചും എനിക്ക് വിരക്തി തോന്നിപ്പോയി” എന്നാണ്. നബിയാകട്ടെ അവിടം കൊണ്ടു നിർത്താതെ കൈയുയർത്തി അല്ലാഹുവോട് പ്രാർഥിച്ചു. ആ മനുഷ്യനെ വധിച്ചതിൽ എനിക്കു പങ്കില്ലെന്നും അയാൾ നാളെ പരലോകത്ത് തൗഹീദുമായി വന്നാൽ ഞാൻ ഉത്തരവാദിയല്ലെന്നും നബി(സ) അല്ലാഹുവെ സാക്ഷിയാക്കി തെര്യപ്പെടുത്തുന്നതാണ് പ്രസതുത പ്രാർഥന. ഉസാമ(റ)യുടെ ജീവിതത്തിലാവട്ടെ അത് ഒരു വഴിത്തിരിവായി. അതുകൊണ്ടായിരുന്നു പിൽകാലത്ത് അലി(റ)യും മുആവിയ(റ)യും തമ്മിൽ നടന്ന സംഘട്ടനത്തിൽ അലിപക്ഷത്തായിരുന്നിട്ടും ഉസാമ(റ) സമരരംഗത്ത് നിന്ന് ഒഴിഞ്ഞു മാറിയതെന്ന് ചരിത്ര

കാരന്മാർ രേഖപ്പെടുത്തുന്നു.

(തൗഹീദ് സംബന്ധിച്ച ഉപരിസൂചിത സംഭവം വർത്തമാനകാല മുസ്‌ലിംകൾക്ക് വലിയൊരു പാഠമാണെന്നു പറയേണ്ടതില്ല. ആദർശവാക്യത്തിന്റെ ശക്തമായ പാശത്തിൽ നാമേവരും മുറുകെ പിടിക്കുകയും അഭിപ്രായഭേദങ്ങൾ ശാന്തമായി സാഹോദര്യബോധത്തോടെ ചർച്ചക്ക് വിധേയമാക്കുകയും ചെയ്യുന്ന അവസ്ഥയിലേക്ക് സമുദായം ഉയരേണ്ടതുണ്ട്.)

ശിർക്ക് കലരാത്ത ശുദ്ധ തൗഹീദി വിശ്വാസത്തിന്റെ ശക്തി വിശേഷം അപാരമാണ്. മനുഷ്യന്റെ സ്വർഗ-നരകങ്ങൾ അന്തിമമായി തീരുമാനിക്കപ്പെടുന്നത് അവയുടെ അടിസ്ഥാനത്തിലത്രെ. പാപം പൊറുക്കാൻ അവയ്ക്കുള്ള കഴിവാകട്ടെ അദ്വിതീയമാണ്. "പാപങ്ങളുടെ പർവതത്തിനുമേൽ തൗഹീദിന്റെ ഒരണുത്തൂക്കം വെക്കപ്പെട്ടാൽ അവയൊക്കെ പുണ്യങ്ങളായി മാറ്റപ്പെടും" എന്ന ഹാഫിസ് ഇബ്നുറജബിന്റെ നിരീക്ഷണം പ്രസിദ്ധമാണ്.

## തൗഹീദീജ്ഞാനം

പാപം പൊറുക്കപ്പെടുന്നതിൽ വിജ്ഞാനങ്ങൾക്കുള്ള പങ്ക് പ്രമാണങ്ങൾ വഴി സ്ഥിരപ്പെട്ടതാണ്. വിജ്ഞാനത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് അല്ലാഹുവെക്കുറിച്ച അറിവത്രെ. വിശുദ്ധ ഖുർആൻ പറഞ്ഞു: "നന്നായി അറിഞ്ഞുകൊള്ളുക: അല്ലാഹുവല്ലാതെ ആരും ഇബാദത്തിനർഹനല്ല" (*മുഹമ്മദ്* 19). അപ്പോൾ നാം ദൈവത്തെ അറിയാൻ ശ്രമിക്കണം. അതിന് തൗഹീദീജ്ഞാനമാർജിക്കണം. ദൈവത്തിന്റെ ഗുണഗണങ്ങൾ (സ്വിഫാത്ത്), പ്രവർത്തനങ്ങൾ (അഫ്ആൽ) എന്നിവയെ അറിയാൻ ശ്രമിക്കണം. അതിന് ചിന്തയും ബുദ്ധിയും ഉപയോഗിക്കണം. തൗഹീദുൽഉലൂഹിയ്യത്ത്, തൗഹീദുർറുബൂബിയത്ത്, തൗഹീദുസ്വിഫാത്ത് തുടങ്ങിയവ പഠനവിധേയമാക്കണം. പ്രപഞ്ചത്തെയും മനുഷ്യനെയും അടുത്തറിയണം. അല്ലാഹുവിന്റെ ഹാകിമിയ്യത്ത് (പരമാധികാരം) സംബന്ധിയായ ബോധം വേണം. അപ്പോഴേ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്യത്തിന്റെ പൊരുൾ പിടികിട്ടുകയുള്ളൂ. സംശുദ്ധവും സുദൃഢവും സമ്പൂർണവും സംതൃപ്തവുമായ തൗഹീദീ വിശ്വാസത്തിലേക്ക് നാം ഉയരണം. അനുസരണവും ആരാധനയും അടിമവൃത്തിയും അല്ലാഹുവിനു മാത്രമാക്കണം. വിശ്വാസം കൊണ്ട് മനസ്സിന്റെ അകവും പുറവും ചിട്ടപ്പെടുത്തണം. മുഴുജീവിതവും, നടത്തം, ഇരുത്തം, കിടത്തം, ഭക്ഷണം തുടങ്ങി സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, നാഗരിക ജീവിതം വരെ തൗഹീദിനൊത്ത് ക്രമപ്പെടുത്തണം.

തൗഹീദീജ്ഞാനമെന്നത് തൗഹീദ് എന്തല്ല, അഥവാ ശിർക്ക് എന്ത് എന്ന അറിവുകൂടിയാണ്. ശിർക്ക്(ദൈവബഹുത്വം) വൻപാപമാണ്. അതായത് പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും സ്രഷ്ടാവും നിയന്താവും സംരക്ഷകനും ഏകദൈവമായിരിക്കെ അത് ചില കൃത്രിമ ദൈവങ്ങൾക്ക് പകുത്തുകൊടുക്കുന്നത് അക്രമവും അനീതിയുമത്രെ. അതുകൊണ്ടുതന്നെ ശിർക്കിനെ 'കടുത്ത അക്രമം' -ദുൽമുൻഅദീം- എന്ന് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നു. യഥാർഥത്തിൽ ലോകത്തിന്റെ സർവനാശങ്ങളുടെയും മൂലഹേതുവാണ് ശിർക്ക്. അനേകം ദൈവങ്ങളുണ്ടെന്ന വാദം അയാഥാർഥ്യമാണ്. അവയൊക്കെ പുരോഹിതൻമാരുടെ സൃഷ്ടിപ്പാണ്. ശിർക്കിന് മനുഷ്യരെ ഒന്നായിക്കാണാൻ സാധ്യമല്ല. പരസ്പര മത്സരങ്ങളും സംഘട്ടനങ്ങളുമൊക്കെ ഉടലെടുക്കുന്നതുതന്നെ ഈ വിവേചനം കൊണ്ടാണ്. "ഒരു ദൈവം ഒരൊറ്റ ജനത" എന്ന ആശയത്തിലേക്കു മനുഷ്യ സമൂഹം മടങ്ങിയാലേ വിനഷ്ടമായ ശാന്തിയും സമാധാനവും തിരിച്ചു കിട്ടൂ. കലർപ്പറ്റ ഏകദൈവാദർശം മാത്രമേ മാനുഷ്യകത്തിന് ലക്ഷ്യബോധവും സ്വസ്ഥതയും പകരുകയുള്ളൂ. തൗഹീദിന്റെ അനിവാര്യഫലമാണ് മാനവീകൈക്യം. ദൈവം ഏകനാണെന്ന പോലെ ദൈവം മനുഷ്യർക്ക് തൃപ്തിപ്പെട്ടേകിയ ജീവിത പദ്ധതിയും (മതം)ഒന്നത്രെ. "ദൈവത്തെ സമ്പൂർണമായി അനുസരിക്കുക" എന്നതാണ് പ്രസ്തുത ദർശനത്തിന്റെ ആശയം. അതിനെ 'ഇസ്‌ലാം' എന്ന് അറബിയിൽ പറയുന്നു. മാത്രമല്ല ദൈവം അനേകമാണെന്നു വന്നാൽ പിന്നെ 'ദൈവങ്ങളു'ടെ എണ്ണം എവിടെയും നിൽക്കില്ല. ആൾദൈവങ്ങളും അവതാരവാദങ്ങളും നാട്ടിൽ പെരുകി വരുന്നത് അതുകൊണ്ടാണ്.

ചുരുക്കത്തിൽ തൗഹീദും ശിർക്കും വേർതിരിച്ചു മനസിലാക്കണം. അതുവഴി തൗഹീദ് കലർപ്പറ്റതാക്കണം. സുദൃഢമാക്കണം. ഇതിനെല്ലാം പക്ഷേ അറിവ് അനിവാര്യമാണ്. അത്തരം അറിവു നേടലാവട്ടെ അനേകം തെറ്റുകുറ്റങ്ങൾ പൊറുക്കപ്പെടാൻ കാരണമാവുകയും ചെയ്യും. ഖുർആൻ പറഞ്ഞു: "നിശ്ചയം അല്ലാഹുവിന്റെ ദാസന്മാരിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ. അല്ലാഹു അജയ്യനും മാപ്പരുളുന്നവനുമാകുന്നു" (*ഫാത്വിർ* 28).

ഖുർആനോടൊപ്പമുള്ള ജീവിതം അല്ലാഹുവോടൊപ്പമുള്ള ജീവിതമാണെന്നു പറയുന്നു മുഹമ്മദ് ഖുത്ബ്. ഓരോ വ്യക്തിക്കുമുള്ള മാർഗദർശനമാണ് ഖുർആൻ. അതുകൊണ്ടുതന്നെ ഖുർആൻ മനസിലാക്കാൻ ഓരോ വ്യക്തിയും ബാധ്യസ്ഥനാണ്. ഈ വസ്തുത കോളനിവാഴ്ചയുടെ ഘട്ടത്തിലാണ് അട്ടിമറിക്കപ്പെട്ടത്. ഖുർആൻ വെറും വിശുദ്ധ ചിഹ്നം മാത്രമായി ഒതുക്കിയതിനു പിന്നിൽ വലിയ ഗൂഢാലോചനയുണ്ട്. പാശ്ചാത്യ മത-രാഷ്ട്ര വിഭജനത്തിന്റെ ഒന്നാമത്തെ ഇരയത്രെ വിശുദ്ധ ഖുർആൻ. അതിനു മുമ്പുവരെ മുസ്‌ലിം ലോകം ജീവിതത്തിന്റെ സമഗ്രമേഖലകളെയും ഖുർആനിക പരിപ്രേക്ഷ്യത്തിലാണ് അളന്നിരുന്നത്. ഖുർആൻ പഠിക്കുകയും അതെകുറിച്ച് ചിന്തിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുകയെന്നതായിരുന്നു പൂർവികരുടെ ശൈലി. അതുകൊണ്ടാണ് ഖുർആൻ പഠിതാക്കളിൽനിന്ന് ഒരേപോലെ പണ്ഡിതരും ശാസ്ത്ര പ്രതിഭകളും ഉയർന്നുവന്നത്. "ഇക്കൂട്ടർ ഖുർആനെ കുറിച്ചു ചിന്തിക്കുന്നില്ലേ? അതോ അവരുടെ മനസ്സുകൾക്ക് പൂട്ടുകൾ ഇട്ടിട്ടുണ്ടോ?" (മുഹമ്മദ് 24). "ഇത് അനുഗൃഹീതമായ മഹദ് വേദമാകുന്നു. പ്രവാചകരേ നാം ഇത് താങ്കൾക്ക് ഇറക്കിത്തന്നു. ഈ ജനം ഇതിലെ സൂക്തങ്ങളിൽ ചിന്തിക്കേണ്ടതിനും ബുദ്ധിയും തന്റേടവുമുള്ളവർ അതിൽ പാഠമുൾക്കൊള്ളേണ്ടതിനും" (*സ്വാദ്* 29).

ഇവ്വിധം വിശുദ്ധ ഖുർആനെ ഗൗരവപൂർവം സമീപിക്കുന്നവർക്ക് അല്ലാഹു നിരവധി ഔദാര്യ സമ്മാനങ്ങൾ കരുതിവെച്ചിട്ടുണ്ട്. അതിൽപെട്ട സുപ്രധാനമായ ഒന്നത്രെ പാപമോചനം. വിശുദ്ധ ഖുർആനുമായുള്ള എല്ലാ ബന്ധങ്ങളും പാപമോചനത്തിന് വഴിയൊരുക്കുമെങ്കിലും ചില സൂക്തങ്ങളെയും അധ്യായങ്ങളെയും നബി(സ) പ്രത്യേകമായി തന്നെ പരിചയപ്പെടുത്തിയിട്ടുണ്ട്. ചില പ്രവാചക മൊഴികൾ കാണുക: "*അൽഹശ്ർ* സൂറയുടെ അവസാന മൂന്നു സൂക്തങ്ങൾ പ്രഭാതത്തിൽ ആരെങ്കിലും പാരായണം ചെയ്താൽ ഏഴായിരം മലക്കുകൾ സായാഹ്നം വരെ അവനു വേണ്ടി പാപമോചനം തേടും. അവനത് സായാഹ്നത്തിൽ ഓതിയാൽ പ്രഭാതം വരെ അവരങ്ങനെ ചെയ്യും" (തിർമിദി). "*അദ്ദുഖാൻ* സൂറ പ്രഭാതത്തിൽ പാരായണം ചെയ്താൽ എഴുപതിനായിരം മലക്കുകൾ അവനുവേണ്ടി പാപമോചനം തേടും" (തിർമിദി). "ആര് *യാസീൻ* പാരായണം ചെയ്യുകയും അല്ലാഹുവിന്റെ തൃപ്തി തേടുകയും ചെയ്യുന്നുവോ, അവന്റെ മുൻകാല പാപങ്ങൾ പൊറുക്കപ്പെടും" (ബൈഹഖി). "*യാസീൻ* ഖുർആന്റെ ഹൃദയമാണ്. അല്ലാഹുവിനെയും അന്ത്യനാളിനെയും ലക്ഷ്യം വെച്ച് അത് പാരായണം ചെയ്തവന്ന് അല്ലാഹു പൊറുത്തുകൊടുക്കാതിരിക്കില്ല. മരണാസന്നരായ ആളുകൾക്ക് നിങ്ങൾ അതോതിക്കൊടുക്കണം" (അഹ്മദ്, അബൂദാവൂദ്, നസാഈ).

## നമസ്കാരം

നമസ്കാരം ചിട്ടയോടെ, അതിന്റെ ചൈതന്യത്തോടെ നിർവഹിക്കുന്നവർക്ക് അല്ലാഹു നൽകുന്ന ഉപഹാരങ്ങളിലൊന്നാണ് പാപമോചനം. നബി(സ) അരുൾ ചെയ്യുന്നു: പാപം ചെയ്യുന്ന ഒരാൾ പിന്നീട് എഴുന്നേറ്റ് ശുദ്ധി വരുത്തുകയും നമസ്കരിക്കുകയും ചെയ്താൽ അല്ലാഹു അവനൊരിക്കലും പൊറുത്തുകൊടുക്കാതിരിക്കില്ല" (അഹ്മദ്). "വല്ലവരും നന്നായി വുദു ചെയ്യുകയും ശേഷം പൂർണമായ റുകൂഇനോടും ഭയഭക്തിയോടും കൂടി രണ്ടോ നാലോ റക്അത്ത് നമസ്കരിക്കുകയും എന്നിട്ട് അല്ലാഹുവിനോട് മാപ്പപേക്ഷിക്കുകയും ചെയ്താൽ അല്ലാഹു അവന് പൊറുത്തുകൊടുക്കുന്നതാണ്" (അഹ്മദ്).

## സ്നേഹം, കാരുണ്യം

ബന്ധങ്ങൾ കൂട്ടിയിണക്കുക, പരസ്പരം സ്നേഹിക്കുക, മനുഷ്യരോടും മൃഗങ്ങളോടും കരുണകാട്ടുക തുടങ്ങിയ സാമൂഹിക പ്രാധാന്യമുള്ള നന്മകൾക്കെല്ലാം അല്ലാഹു മഹത്തായ പ്രതിഫലമാണ് ഒരുക്കിയിട്ടുള്ളത്. പാപമോചനവും അതിന്റെ ഒരുഭാഗമാകുന്നു. ഇബ്നു ഉമർ(റ) പറയുന്നു: "ഒരാൾ പ്രവാചകന്റെയടുത്ത് വന്ന് ഇങ്ങനെ ചോദിച്ചു: "പ്രവാചകരേ, ഞാനൊരു പാപത്തിലകപ്പെട്ടുപോയി. എനിക്ക് തൗബയുണ്ടോ?" റസൂൽ തിരിച്ചുചോദിച്ചു: "നിനക്ക് മാതാവുണ്ടോ?" "ഇല്ല" ആഗതന്റെ മറുപടി. "നിനക്ക് മാതൃസഹോദരിയുണ്ടോ?" പ്രവാചകൻ. "അതേ" ആഗതൻ പറഞ്ഞു. "എങ്കിൽ നീ പോയി അവർക്ക് നന്മ ചെയ്യുക" (അഹ്മദ്, തിർമിദി) നബി(സ) ഒരിക്കൽ പറഞ്ഞു: 'പൂർവ സമൂഹത്തിലെ ഒരു വ്യക്തിയുടെ ആത്മാവ് മലക്കുകൾ ഏറ്റുവാങ്ങി. അന്നേരം മലക്കുകൾ ആ ആത്മാവിനോട് ചോദിച്ചു: "നീ വല്ല നന്മയും പ്രവർത്തിച്ചിട്ടുണ്ടോ?" "വളരെ ഞെരുക്കമനുഭവപ്പെടുന്ന കടക്കാർക്ക് അവധി നീട്ടിക്കൊടുക്കാനും പണക്കാരായ കടക്കാരോട് വിട്ടുവീഴ്ച കാണിക്കാനും ഞാനെന്റെ കാര്യസ്ഥന്മാരോട് കൽപിക്കാറുണ്ടായിരുന്നു!" ആത്മാവ് മറുപടി കൊടുത്തു.

ആ ഒരൊറ്റ കാരണത്താൽ ദൈവം അയാളുടെ പാപങ്ങൾ പൊറുത്തു കൊടുത്തു (ബുഖാരി).

നായയോട് കരുണകാട്ടിയതിന്റെ പേരിൽ ദുർനടപ്പുകാരിയായ സ്ത്രീക്ക് ദൈവം പാപമോചനം നൽകിയ കഥ നബി(സ) തന്റെ അനുചരന്മാർക്ക് പറഞ്ഞുകൊടുക്കുകയുണ്ടായി. കിണറിനടുത്ത് നാവുനീട്ടി വെള്ളത്തിനുവേണ്ടി കിതച്ചുനിന്ന നായയെ കണ്ട സ്ത്രീക്ക് നായയോട് അലിവ് തോന്നുകയും തന്റെ ഷൂസ് ഊരി കിണറിൽനിന്ന് വെള്ളമെടുത്ത് നൽകുകയും ചെയ്തു. അത്ഭുതം!.. ദൈവത്തിന് ആ സ്ത്രീയോട് കരുണ കാട്ടാൻ മറ്റൊന്നും വേണ്ടി വന്നില്ല. അവൻ തന്റെ ദാസിക്ക് പാപമോചനവും സ്വർഗവും നൽകി.

## ദിക്റുല്ലാഹ്

നബി(സ) അരുൾ ചെയ്യുന്നു: "ലാഇലാഹഇല്ലല്ലാഹു വഹ്ദഹു ലാശരീക ലഹു ലഹുൽമുൽകു വലഹുൽഹംദു വഹുവ അലാകുല്ലിശൈഇൻ ഖദീർ" (അല്ലാഹുവല്ലാതെ ഇലാഹില്ല. അവൻ ഏകനാണ് അവന് പങ്കുകാരില്ല. ആധിപത്യം അവനാണ്. സർവസ്തുതിയും അവനു തന്നെ. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാണ്. എല്ലാറ്റിനും കഴിവുള്ളവനാണവൻ) എന്ന ദിക്റ് ആരെങ്കിലും ദിവസത്തിൽ നൂറുപ്രാവശ്യം ഉരുവിട്ടാൽ പത്ത് അടിമകളെ മോചിപ്പിച്ചതിന് തുല്യമാണത്? ആറ് നന്മകൾ അവന്റേതായി എഴുതപ്പെടുകയും നൂറ് തിന്മകൾ അവനിൽനിന്ന് മായ്ച്ചുകളയുകയും ചെയ്യും" (ബുഖാരി, മുസ്‌ലിം). "സുബ്ഹാനല്ലാഹി വൽഹംദുലില്ലാഹി വലാഇലാഹ ഇല്ലല്ലാഹു വല്ലാഹു അക്ബർ" എന്ന ദിക്ർ വൃക്ഷം ഇലപൊഴിക്കും പോലെ പാപങ്ങളെ പൊഴിച്ചു കളയും" (അഹ്മദ്). "ഫർദു നമസ്കാരശേഷം ഒരാൾ 'സുബ്ഹാനല്ലാഹി' 'അൽഹംദുലില്ലാഹി' 'അല്ലാഹു അക്ബർ' എന്നിവ മുപ്പത്തിമൂന്നു പ്രാവശ്യം വീതം പറഞ്ഞാൽ അവയെല്ലാം കൂടി തൊണ്ണൂറ്റൊമ്പതായി. അനന്തരം നൂറ് തികച്ചുകൊണ്ട് 'ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീകലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലിശൈഇൻ ഖദീർ' എന്നുകൂടി പറഞ്ഞാൽ പാപങ്ങൾ കടലിലെ നുരയോളമുണ്ടെങ്കിലും പൊറുക്കപ്പെടുന്നതാണ്" (ബുഖാരി, മുസ്‌ലിം). ഇങ്ങനെ ദിക്റിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി ഹദീസുകൾ കാണാം.

ഇവിടെ പക്ഷേ മനസിലാക്കേണ്ടുന്ന ഒരു പ്രധാന കാര്യമുണ്ട്. ഖുർആൻ തന്നെ പറഞ്ഞതു പോലെ, "നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും അല്ലാഹുവിനെ സ്തുതിക്കുകയും ആ സ്മരണയെ(ദിക്റ്) ചിന്ത(ഫിക്റ്)യാക്കി മാറ്റുകയും" ചെയ്യുകയാണ് നമ്മുടെ കടമ (*ആലുഇംറാൻ*). ഇന്ന് പക്ഷേ പരക്കെ കാണപ്പെടുന്ന 'ദിക്റ് ഹൽഖ'കൾക്ക് സുന്നത്തിനോടല്ല; നബി(സ) ശക്തമായി എതിർത്ത ബിദ്അത്തിനോടത്രെ സാമ്യം. അവയെ കരുതിയിരിക്കേണ്ടതാണ്. അവയിൽ പങ്കെടുക്കാതിരിക്കുക മാത്രമല്ല, ബിദ്അത്തിന്റെ ഗൗരവത്തെപ്പറ്റി അതുമായി സഹകരിക്കുന്നവരെ ബോധ്യപ്പെടുത്തുകയും വേണം. അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ഒരിക്കൽ പള്ളിയിൽ ചെന്നപ്പോൾ ഒരുസംഘം കൂടിയിരിക്കുന്നതു കണ്ടു. എല്ലാവരുടെ പക്കലും ചെറിയ കല്ലുകളുണ്ട്. അവർക്കിടയിൽ ഒരാൾ നൂറു തവണ തക്ബീർ ചൊല്ലൂ എന്നു പറയുന്നു. അപ്പോൾ അവരെല്ലാം തക്ബീർ ചൊല്ലും. പിന്നീട് നൂറുതവണ 'ലാഇലാഹ ഇല്ലല്ലാഹ്' ചൊല്ലാൻ പറയുന്നു. അവർ നൂറുതവണ അതേറ്റു ചൊല്ലുന്നു. ശേഷം നൂറുതവണ 'സുബ്ഹാനല്ലാഹ്' എന്ന് ചൊല്ലാൻ പറഞ്ഞപ്പോഴും അവർ അത് പറയുന്നു. കല്ലുകൾ കൊണ്ടവർ എണ്ണം പിടിക്കുകയും ചെയ്യുന്നു. അപ്പോൾ അദ്ദേഹം കോപാകുലനായിക്കൊണ്ടു പറഞ്ഞു: "എന്റെ ആത്മാവ് ഏതൊരുവന്റെ കൈയിലാണോ അവൻ തന്നെയാണ സത്യം, നിങ്ങൾ മുഹമ്മദ് നബി(സ)യുടെ സമുദായത്തിന് അദ്ദേഹം നൽകിയതിനേക്കാൾ ഉത്തമമായത് നൽകുവാൻ ഒരുങ്ങുകയാണോ? അതുമല്ല വഴികേടിന്റെ കവാടം മലർക്കെ തുറക്കുകയാണോ? അപ്പോൾ അവർ പറഞ്ഞു: "ഞങ്ങൾ നന്മയല്ലാതെ ഇതുകൊണ്ട് കരുതിയിട്ടില്ല. അപ്പോൾ അദ്ദേഹം പറഞ്ഞു: എത്ര മനുഷ്യർ നന്മയെന്നു കരുതി പ്രവർത്തിച്ചിട്ടും അതിൽ എത്തിച്ചേരാത്തവരായുണ്ട്" (ദാരിമി, അബൂനഈം). ■